## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1279** — **06.03.2018 ൽ മറുപടിയ്ക്ക്**

## വെറ്റില കർഷകരുടെ ദുരിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ വെറ്റിലയുടെ വില മുൻ വർഷങ്ങളേക്കാൾ പകുതിയിലേറെയായി താഴ്ന്നതും ആയത് വെറ്റില കർഷകരെ ദുരിതത്തിലാക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) വെറ്റില വലിയതോതിൽ ഉല്പാദിപ്പിച്ചിരുന്ന മലപ്പുറം ഉൾപ്പെടെയുള്ള മലബാർ മേഖലയിലെ കർഷകരെ സഹായിക്കാൻ നിലവിൽ എന്തെങ്കിലും പാക്കേജോ പദ്ധതിയോ ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |
| സി) പാകിസ്ഥാനിലേക്കുള്ള വെറ്റില കയറ്റുമതി നിറുത്തലാക്കിയത് മൂലം കർഷകർക്ക് ഉണ്ടായിട്ടുള്ള ദുരിതം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | സി) പാകിസ്ഥാനിലേക്കുള്ള വെറ്റില കയറ്റുമതി പുനരാരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വെറ്റില കർഷകരുടെ ദുരിതം പരിഹരിക്കുന്നതിനും തൊഴിൽ നഷ്ടം നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | വെറ്റില കൃഷി വികസനത്തിനായി 2018-19 സാമ്പത്തിക വർഷം വെറ്റില കൃഷിയെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുന്നതിനായി പ്രപ്പോസൽ സമർപ്പിക്കുവാൻ കൃഷി ഡയറക്ടറിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ